റാവു ബഹദൂർ ടി. കെ. നായർ: ഇന്നാലെ ഈ ബസ്സ് ട്രാഫിക്കിനെ സംബന്ധിച്ചുണ്ടായ ചോദ്യോത്തരങ്ങളിൽനിന്നു ഇതൊക്കെ മനസ്സിലാക്കാം. ഇതിന്റെ ആവശ്യകതയെ കുറിച്ചു തീരുമാനിക്കുന്നതു" Transport authority യാണു". അങ്ങിനെ തീരുമാനിക്കാനുണ്ടായ കാരണം ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

മിസ്റ്റർ എം. കെ. രാജാ: അതു ഈ ലൈനിനെ സംബന്ധിച്ചാണൊ?

റാവു ബഹദൂർ ടി. കെ. നായർ: അതെ. കുന്നംകുളം-വടക്കാഞ്ചേരി ലൈനിലാണു".

മിസ്റ്റർ പി. കെ. ഡീവർ: അതെന്തു കാരണംകൊണ്ടാണു് കൊടുക്കാത്തതെന്നു അന്വേഷിക്കാമൊ?

റാവു ബഹദൂർ ടി. കെ. നായർ: അന്വേഷിക്കാം.

മിസ്റ്റർ എം. കെ. രാജാ: ആ ലൈനിൽ ബസ്സ് വേണ്ടത്ര എണ്ണം ഇല്ലാത്തതുകൊണ്ടു് യാത്രക്കാർക്കുള്ള അസൌകര്യത്തെക്കുറിച്ചു് ഗവർമ്മെണ്ടിനു അറിയാമൊ?

റാവു ബഹദൂർ ടി. കെ. നായർ: അറിയാം.

മിസ്റ്റർ എം. കെ. രാജാ: അതു പരിഗണിച്ചു് ഈ കായ്മും ട്രാൻസ്പോർട്ട് അതോറിട്ടിയുടെ ശ്രദ്ധയിൽ പെടുത്താമൊ?

റാവു ബഹദൂർ ടി. കെ. നായർ: തീർച്ചയായും പെടുത്താം.

KOOVAPPADAM COLLEGE SCHEME—PEOPLE RENDERED HOMELESS

343. മിസ്റ്റർ പി. വി. സെബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് സദയം മറുപടി പറയുമൊ.—

കുവപ്പാടം കോളേജ് പദ്ധതിമൂലം പാർപ്പാൻ കൂടിയില്ലാതായിത്തീർന്ന പാവപ്പെട്ട കുടികിടപ്പുകാരുടെ പരിരക്ഷക്കുക്കായി എന്തു നടപടികളാണു് ഗവർമ്മെണ്ടു് എടുക്കുവാനുദ്ദേശിക്കുന്നതു"?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

വീടില്ലാത്ത പാവപ്പെട്ടകുടികിടപ്പുകാർക്കു് വേറെ പാർപ്പിടസ്ഥലങ്ങൾ കൊടുക്കുന്ന കാര്യത്തിൽ ഗവർമ്മെണ്ടു് വേണ്ട ആലോചനകൾ നടത്തിവരുന്നുണ്ടു്.

SALE OF POTATOES, ONIONS, ETC.—ISSUE OF PERMIT FOR

344. Mr. M. O. Thomakutty *(Commerce and Industry):* Will Government be pleased to state.—

(*a*) has the Food Supply Department issued orders to wholesale merchants that potatoes, onions, etc., should be sold only against permits issued;

(*b*) who issues such permits;

(*c*) has any complaint been received regarding the inordinate delay on the part of the Food Supply Department to issue permits for the disposal of these articles which are easily perishable?

Mr. P. Govinda Menon *(Minister for Food and Education):*

(*a*) Yes. In respect of onions, potatoes, etc., imported by way of quotas allotted to the State from the Madras Presidency.

(*b*) The Assistant Supply Officers and the Field Officers authorised by them on this behalf.

(*c*) No.

HOURS OF WORK OF NURSES

345. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ —

(എ) ഉദ്യോഗപേക്ഷയുള്ള മെട്രോർണിറ്റി ഹോസ്പിറ്റലിലേയും മട്ടാഞ്ചേരിയിലുള്ള സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേയും നഴ്സുമാർ പ്രതിദിനം എത്ര മണിക്കൂർ ജോലി ചെയ്യുന്നുണ്ടു്;

(ബി) മറ്റു ആശുപത്രിയിലെ നഴ്സ്സ് പ്രതിദിനം എത്ര മണിക്കൂർ പണിയെടുക്കണം?

LIBRARY ARCHIVES Kerala Legislative Assembly

റാവു ബഹദൂർ ടി. കെ. നായർ :

(എ) ഫ ഫ മണിക്കൂർവീതം.

(ബി) മറവ ആശുപത്രികളിലെ നഴ്സുമാർ പ്രതിദിനം ചെയ്യുന്ന ജോലിസമയം കാണിക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. [*Appendix I*]

മിസ്റ്റർ കെ. കൊച്ചുകുട്ടൻ : എന്തുകൊണ്ടാണ് ഈ മട്ടാഞ്ചേരി ഹോസ്പിറ്റലിലും മെറ്റേർണിറ്റി ഹോസ്പിറ്റലിലും പന്ത്രണ്ടു മണിക്കൂറും ബാക്കി ആസ്പത്രികളിൽ 9 മണിക്കൂർ മാത്രവും ജോലി ചെയ്യണമെന്ന് പ്രത്യേക വ്യവസ്ഥയുള്ളതു"?

റാവു ബഹദൂർ ടി. കെ. നായർ : അവിടെ പന്ത്രണ്ടു മണിക്കൂർ ജോലി ചെയ്യണമെന്നു നിബ്ബന്ധിച്ചിട്ടുള്ളതു് nurse മാരുടെ അഭാവമുള്ളതുകൊണ്ടാണു്. കൂടുതൽ nurse മാരെ കൊടുത്താൽ ജോലിസമയം കുറക്കാൻ സാധിക്കും.

ചൌധരി ജി. എസ്സ്. ധാരാസിംഗ് : nurse മാരെ കൂടുതൽ കൊടുക്കരുതെ?

റാവു ബഹദൂർ ടി. കെ. നായർ : ഇപ്പോൾ കൊടുക്കാനില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : കൂടുതൽ കൊടുക്കുവാൻ ഉള്ള മാർഗ്ഗങ്ങൾ എടുക്കരുതെ?

റാവു ബഹദൂർ ടി. കെ. നായർ : എപ്പോഴേ ചെയ്യുന്നുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : കുറെ അധികം ആളുകളെ ട്രെയിനിങ്ങു് കഴിച്ചെടുത്താൽ ആവശ്യമുള്ളിടത്തോളം ആളുകളെ Maternity Hospital ലിലേക്കു് കൊടുക്കാൻ സാധിക്കുകയില്ലെ?

റാവു ബഹദൂർ ടി. കെ. നായർ: അവരെ എല്ലാ ഹോസ്പിറ്റലുകളിലും ട്രെയിനിങ്ങിനു് എടുക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ടു് ആവശ്യമുള്ളേടത്തോളം ആളുകളെ പെട്ടെന്നു് കൊടുക്കുവാൻ സാദ്ധ്യമല്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: കൊച്ചിരാജ്യത്തുള്ള ആളുകളെ മറവ രാജ്യങ്ങളിലുള്ള ആസ്പത്രികളിൽ ട്രെയിനിങ്ങിനു് പറഞ്ഞയക്കാൻ വിരോധമുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: അന്യ ദിക്കിലേക്കു് ട്രെയിനിങ്ങിനയക്കാൻ വളരെ അസൌകര്യങ്ങളുണ്ടു്. വളരെ ആശ്രയിച്ചിട്ടാണു് രണ്ടോ മൂന്നോ ആളുകളെ എടുക്കുന്നതു്.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: അധികം സമയം ജോലി ചെയ്യുന്ന നർസുമാർക്കു് വല്ല സ്പെഷ്യൽ അലവൻസു് കൊടുക്കുന്നുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: ഇല്ലെന്നാണു് എന്റെ അറിവു്.

മിസ്റ്റർ പി. കെ. ഡീവർ: ഈ പന്ത്രണ്ടു മണിക്കൂറും തുടച്ചയായിട്ടാണൊ ജോലി ചെയ്യേണ്ടതു്.

റാവു ബഹദൂർ ടി. കെ. നായർ: അനേഷിച്ചിട്ടില്ല.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: കൂടുതൽ ജോലി എടുക്കുന്നതിനു് അലവൻസു് ആയൊ മറെറാ എന്തെങ്കിലും കൂടുതൽ കൊടുക്കാമൊ?

റാവു ബഹദൂർ ടി. കെ. നായർ: സർക്കാരുദ്യോഗസ്ഥന്മാർ വേണ്ടിവന്നാൽ ഫ൪ മണിക്കൂറും ജോലിയെടുക്കാൻ ചുമതലപ്പെട്ടവരാണു്. ചിലക്കു് ൧൨ മണിക്കൂറെ ജോലി ചെയ്യേണ്ടതായി വരുന്നുള്ളു. ആ സ്ഥിതിക്കു് സമയം നോക്കി അലവൻസു് കൊടുക്കുകയാണെങ്കിൽ കുറച്ചു സമയം ജോലി ചെയ്യുന്നവരുടെ ശമ്പളത്തിൽനിന്നു് വല്ലതും സ്വല്പം പിടിക്കേണ്ടിവരും. ഇപ്പോൾ ശമ്പളം പോരാത്ത ആക്ഷേപമൊന്നും കിട്ടീട്ടില്ല. ഉള്ള ജോലി സൌഹാർദ്ദത്തോടുകൂടി എല്ലാവരും ഒരുമിച്ചു് ചെയ്യുവരികയാണു് പതിവു്.

മിസ്റ്റർ പി. നാരായണമേനോൻ: nurse മാരിൽ രോഗശുശ്രൂഷക്കു പുറമെ സൂപ്രവിഷൻ വക്കുമാത്രമായിട്ടുള്ളവരില്ലെ:

റാവു ബഹദൂർ ടി. കെ. നായർ : അങ്ങിനെയുള്ള ആളുകളില്ല.

മിസ്റ്റർ പി. നാരായണമേനോൻ: നഴ്സുമാരുടെ ജോലി ആരാണു് സൂപ്രവൈസു് ചെയ്യുക.

റാവു ബഹദൂർ ടി. കെ. നായർ: അതു് മേടൻ എന്നൊ മറെറാ പറയുന്ന ആരൊ ആണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: കൂടുതൽ ജോലി ചെയ്യുന്നവർക്ക് ഓവർടൈയും അലവൻസും കൊടുക്കുവാൻ എന്താണ് വിരോധം?

റാവു ബഹദൂർ ടി. കെ. നായർ: അവരെ മനഃപൂർവ്വം 12 മണിക്കൂറും ജോലിയെടുപ്പിക്കണമെന്നില്ല. തല്ക്കാലം ആൾ കുറവായതിനാൽ കൂടുതൽ സമയം ജോലി ചെയ്യുന്നു എന്നേയുള്ള.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഫാക്ടറിയിൽ കൂടുതൽ ജോലി ചെയ്താൽ കൂടുതൽ അലവൻസ് കൊടുക്കണമെന്ന് ഗവമ്മെണ്ടു നിർബ്ബന്ധിക്കുന്നില്ലെ?

റാവു ബഹദൂർ ടി. കെ. നായർ: ഫാക്ടറി നിയമം ഗവമ്മെണ്ടു സ്വീസ്സിൽ ഉള്ളവർക്ക് apply ചെയ്താൽ അതു ശരിയാകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഈ നഴ്സുമാർ പ്രവർത്തി എടുക്കുന്നതു Lobour of love ആയിട്ടല്ലെ പരിഗണിക്കപ്പെടുന്നതു?

റാവു ബഹദൂർ ടി. കെ. നായർ: വേണ്ടതുണ്ടിനെയാണ്. പക്ഷെ നടപ്പു love for money ആയിട്ടല്ലെ?

മിസ്റ്റർ പി. ടി. ജേക്കബ്ബ്: മട്ടാഞ്ചേരിയിലേക്കു കൂടുതൽ നഴ്സുമാരെ അയക്കാമെന്നു പറഞ്ഞുവല്ലൊ. അവിടെ Maternity Hospital-ൽ അവർക്കു താമസിക്കാനുള്ള സൌകര്യമുണ്ടാക്കി കൊടുക്കുമൊ?

റാവു ബഹദൂർ ടി. കെ. നായർ: Maternity Hospital-ന്റെ സംഗതി ഗവമ്മെണ്ടു വളരെ ഗൌരവമായി ആലോചിക്കുന്നുണ്ടു്. അവിടെ രോഗികൾക്കുതന്നെ വേണ്ടത്ര സ്ഥലം ഇടപ്പോൾ ഇല്ലാതെയാണിരിക്കുന്നതു്. വളരെ വേഗത്തിൽ അതിനുള്ള ഏർപ്പാടു ചെയ്യണമെന്നാണു് ആഗ്രഹം.

മിസ്റ്റർ പി. കെ. ഡീവർ: നഴ്സുമാരെപോലെതന്നെ അവിടത്തെ സർവൻസും അറൻറേഴ്സും, 12 മണിക്കൂർ ജോലി എടുക്കുന്നുണ്ടൊ?

റാവു ബഹദൂർ ടി. കെ. നായർ: ഉണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: നഴ്സുമാർക്കു് നൈറ്റ് ഡ്യൂട്ടിയുണ്ടൊ?

റാവു ബഹദൂർ ടി. കെ. നായർ: ഉണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എത്ര മണിക്കൂറുണ്ടു്?

റാവു ബഹദൂർ ടി. കെ. നായർ: 12 മണിക്കൂറായിരിക്കാം.

Mr. President: But, does the question relate to this, Here it is about nurses, the Hon'ble Member is speaking about servants.

CENTRAL FARM—CULTIVATION IN

346. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവമ്മെണ്ടിനു് ദയവുണ്ടാകുമൊ.—

(എ) ഗവമ്മെണ്ടു് സെൻട്രൽ ഫാമത്തിൽ കൊല്ലന്തോറും എന്തെല്ലാം കൃഷികളാണു് നടത്തുന്നതു്;

(ബി) താഴെ പറയുന്ന ഇനങ്ങൾ സെൻട്രൽ ഫാമത്തിൽ കൃഷി ചെയ്യുന്നുണ്ടോ;

(1) നെല്ലു് (2) കരിമ്പു് (3) കൈതച്ചക്ക (4) നേന്ത്രവാഴ;

(സി) ബി.യിൽ പറയുന്ന ഇനങ്ങൾ കൃഷി ചെയ്യുന്നുണ്ടെങ്കിൽ ഓരോ ഇനവും എത്ര ഏക്കർ സ്ഥലത്തു കൃഷിചെയ്യുന്നുണ്ടു്;

(ഡി) മേല്പറഞ്ഞ ഓരോ ഇനം കൃഷിക്കും ചിലവെത്ര;

(ഇ) ഓരോ ഇനത്തിൽനിന്നുമുള്ള വരവെത്തു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) നെല്ലു്, കരിമ്പു്, നേന്ത്രവാഴ, കൈത, കായ്ക്കറി, മുതിര, ചാമ, റാഗി, കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ മുതലായവ കൃഷി ചെയ്യുന്നു.

(ബി) കൃഷി ചെയ്യുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

(Please see answer to Question No. 345)

നമ്പർ	ആശുപത്രികളുടെ പേരു്	ജോലിസമയം
൧	ജനറൽ ആശുപത്രി, എറണാകുളം	൨ മണിക്കൂർ
൨	സിവിൽ ആശുപത്രി, തൃശ്ശിവപേരൂർ	൩ ടി
൩	കണ്ണാശുപത്രി, എറണാകുളം	൨ ടി
൪	മഹാരാജാസ് ആശുപത്രി, പള്ളുരുത്തി	൨ ടി
൫	ചാലക്കുടി ആശുപത്രി	൩½ ടി
൬	ഇരിങ്ങാലക്കുട ആശുപത്രി	൩½ ടി
൭	കുന്നംകുളം ആശുപത്രി	൩½ ടി
൮	ഭാന്താശുപത്രി, തൃശ്ശിവപേരൂർ	൩ ടി
൯	വടക്കാഞ്ചേരി ആശുപത്രി	൨ ടി
൧൦	ചിറ്റൂർ ആശുപത്രി	൩ ടി
൧൧	നെന്മാറ ആശുപത്രി	൩½ ടി
൧൨	കൊട്ടാങ്ങല്ലൂർ ആശുപത്രി	൨ ടി

APPENDIX II

[Please see answer to Question No. 353 (b)]

Serial No.	*Name of candidates*	*Community*
1.	A. Kunjan Menon, B. A	Nayar
2.	N. S. Parameswara Ayyar, B. A.	Tamil Brahmin
3.	N. K. Sesha Ayyar, B. A.	do.
4.	K. Sarada Ammah, B. A.	Nayar
5.	P. I. Gopalan, B. A.	Ezhuva
6.	V. Sunderaswaran, B. A.	Tamil Brahmin
7.	O. Raman Menon, B. A.	Nayar
8.	K. J. Joseph, B. A.	Latin Christian
9.	P. S. Subramania Ayyar, B. A.	Tamil Brahmin
10.	K. Kochukuttan Nayar, B. A.	Nayar
11.	K. I. Raman, B. A.	Ezhuva
12.	M. G. Govinda Pillai, B. A. Course	Nayar
13.	S. S. Krishnan, B. A.	Tamil Brahmin
14.	P. R. Subbaraya Mannadiar, B. A.	Other Hindu, Tharaka
15.	John Henry, B. A.	Indian Christian

APPENDIX III

[Please see answer to Question No. 361 (b)]

	Community	*No. of shops held*	*Quota allotted (in value) Rs.*
1.	Christians ..	404	2,92,841 worth
2.	Muslims ..	95	93,459 ,,
3.	Ezhuva ..	110	69,007 ,,
4.	Tamil Brahmin ..	53	56,798 ,,
5.	Nayar ..	82	50,539 ,,
6.	Saraswath Brahman ..	22	33,863 ,,
7.	Vysya ..	8	15,270 ,,
8.	Chettiyar ..	20	9,871 ,,
9.	Chaliya ..	20	9,332 ,,
10.	Kongani ..	11	7,136 ,,
11.	Ezhuthassan ..	8	4,028 ,,

LIBRARY ARCHIVES Kerala Legislative Assembly